# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5140** | **22/5/2017** - ലെ മറുപടി

## കൊച്ചി കരുവേലിപ്പടി പമ്പ് ഹൗസിലേക്കുള്ള കാലഹരണപ്പെട്ട പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ജെ.മാക്സി | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊച്ചി നിയോജകമണ്ഡലത്തിലെ കരുവേലിപ്പടി പമ്പ് ഹൗസിലേക്കുള്ള 70 മി.മി പ്രിമോ മെയിൻ പമ്പിന്റെ പെരുമാന്നൂർ പമ്പ് ഹൗസ് മുതൽ തേവര ജംഗ്ഷൻ വരെയുള്ള ഭാഗം കാലഹരണപ്പെട്ടതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;<br><br>(ബി) കാലഹരണപ്പെട്ടതാണെങ്കിൽ ഇത് മാറ്റി സ്ഥാപിക്കുന്നതിനോ പുതിയ പൈപ്പ് ലൈൻ ഇടുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ), (ബി) & (സി) ഉണ്ട്. പെരുമാന്നൂർ പമ്പ് ഹൗസ് മുതൽ തേവര ജംഗ്ഷൻ വരെ സ്ഥാപിച്ചിട്ടുള്ളത് 700 മി.മീ പ്രിമോ (കോൺക്രീറ്റ്) പൈപ്പ് ലൈൻ ആണ്. ഈ പൈപ്പ് ലൈൻ മാറ്റി പകരം പുതിയത് സ്ഥാപിക്കുന്നതിനായി സ്റ്റേറ്റ് പ്ളാനിൽ ഉൾപ്പെടുത്തി 320 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പെരുമാന്നൂർ പമ്പ് ഹൗസ് മുതൽ തേവര വരെ 2200 മീറ്റർ 700 മി.മീ ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ നടപടികൾ കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കി ഉടമ്പടി ഉറപ്പിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ റോഡ് മുറിച്ച് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട റോഡ് അധികാരികളിൽ നിന്ന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

JSK/